## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 125 — 01.11.2019 ൽ മറുപടിക്ക്

## തെരുവ് നായ ശല്യം നിയന്ത്രിക്കുവാൻ നടപടി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പി.ഉബൈദുള്ള**<br>**ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. ടി. വി. ഇബ്രാഹിം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | സംസ്ഥാനത്തെ നഗര, ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായി തെരുവ് നായ്ക്കളുടെ ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | മലപ്പുറം ജില്ലയിലെ വണ്ടൂരിൽ തെരുവ് നായ നേഴ്സറി സ്കൂളിൽ കയറി നാല് വയസ്സുകാരനെ ഗുരുതരമായി പരിക്കേൽപ്പിച്ച സംഭവത്തെത്തുടർന്ന് ജനങ്ങൾക്കുണ്ടായ ആശങ്ക അകറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | വണ്ടൂരിലെ തെരുവുനായ ആക്രമണത്തെ തുടർന്ന് മലപ്പുറം ജില്ലാ കളക്ടറുമായും ജില്ലാ പഞ്ചായത്ത് അധികാരികളുമായും പഞ്ചായത്ത് ഡയറക്ടർ കൂടിയാലോചിച്ച്, 25.10.2019 മുതൽ വണ്ടൂർ ഗ്രാമ പഞ്ചായത്തിൽ അനിമൽ ബർത്ത് കണ്ട്രോൾ (എബിസി) പ്രോഗ്രാം പുനരാരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി ഹ്യൂമൺ റൈറ്റ് സൊസൈറ്റി ഇന്റർ നാഷണൽ എന്ന NGO സംഘടന മുഖേനയാണ് എ.ബി.സി.പദ്ധതി നടപ്പാക്കി വന്നിരുന്നത്. എന്നാൽ 2019 മാർച്ചിൽ കരാർ അവസാനിച്ചതിനെ തുടർന്ന് ഇപ്പോൾ കുടുംബശ്രീയുമായി ചേർന്നാണ് 2019 ഒക്ടോബർ 25 മുതൽ പദ്ധതി പുനരാരംഭിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| സി | തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുവാൻ പ്രായോഗികമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, തെരുവ് നായ നിയന്ത്രണത്തിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗമായ എ.ബി.സി.പ്രോഗ്രം കുടുംബശ്രീ ജില്ലാമിഷനുമായി ചേർന്ന്, പദ്ധതിക്ക് തുക വകയിരുത്തി, നടപ്പിലാക്കി വരുന്നുണ്ട്. ABC പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 05.05.2017 ലെ സ.ഉ(സാധ)1450/17/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എബിസി പദ്ധതി കാര്യക്ഷമമാക്കുന്നതിനും, പരിസര ശുചിത്വം പാലിക്കുന്നതിനും, മാലിന്യം അലക്ഷ്യമായ് കൈയൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ പട്ടി/പന്നി ലൈസൻസ് വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ.നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി. (Early Neutering Dogs),എന്ന തെരുവ് നായ്ക്കളെ വളരെ ചെറുപ്രായത്തിൽ തന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള പ്രാദേശിക നടപടിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കി വരുന്ന എബിസി പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി വാർഷിക പദ്ധതി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**